*AIPSN ആഹ്വാനം*

2025 ഓഗസ്റ്റ് 20
*8-ാമത് ദേശീയ ശാസ്ത്രാവബോധ ദിനം ആചരിക്കുക*

_പ്രിയ സഹപ്രവർത്തകരെ, സുഹൃത്തുക്കളെ, ഇന്ത്യയിലെ സഹപൗരന്മാരെ,_

2025 ഓഗസ്റ്റ് 20-ന് എട്ടാമത് ദേശീയ ശാസ്ത്രാവബോധ ദിനം (NSTD) ആചരിക്കുന്ന വേളയിൽ, ജനാധിപത്യ ബോധവും സാമൂഹ്യ ബോധവുമുള്ള ഓരോ വ്യക്തിയും സംഘടനയും ഒരുമിച്ചുചേർന്ന് ഭരണഘടനയുടെ ആർട്ടിക്കിൾ 51A(h) ൽ പ്രതിപാദിച്ചിട്ടുള്ള ശാസ്ത്രാവബോധം വളർത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന സുപ്രധാനമായ കർത്തവ്യം വീണ്ടും ഉയർത്തിപ്പിടിക്കണമെന്ന് ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

ഈ തീയതിക്ക്, ഓഗസ്റ്റ് 20ന്, വളരെ പ്രാധാന്യമുണ്ട്. അന്ധവിശ്വാസത്തിനെതിരെ നിർഭയമായി യുക്തിബോധത്തോടെ അക്ഷീണം പ്രചാരണം നടത്തുകയും ശാത്രാവബോധത്തിന്റെ അചഞ്ചലനായ വക്താവുമായിരുന്ന ഡോ. നരേന്ദ്ര ധാബോൽക്കറുടെ, 2013ല് നടന്ന ക്രൂരമായ കൊലപാതകത്തെ ഈ ദിവസം അടയാളപ്പെടുത്തുന്നു. ശാസ്ത്രാവബോധത്തെ നിശ്ശബ്ദമാക്കാൻ ലക്ഷ്യമിട്ട ശക്തികളുടെ കൈകളാൽ നടന്ന അദ്ദേഹത്തിന്റെ ഹത്യയെത്തുടർന്ന് ശ്രീ ഗോവിന്ദ് പൻസാരെ, പ്രൊഫ. എം.എം. കൽബുർഗി, ശ്രീമതി ഗൗരി ലങ്കേഷ് എന്നിവരുടെ ദാരുണമായ കൊലപാതകങ്ങളും നടന്നു — ഇവർ ഓരോരുത്തരും യുക്തിയുടെയും, വിമർശനാത്മക അന്വേഷണത്തിന്റെയും, നീതിയിലും സമത്വത്തിലും മാനുഷിക അന്തസ്സിലും അധിഷ്ഠിതമായ ജനാധിപത്യ മൂല്യങ്ങളുടെയും വക്താക്കളായിരുന്നു.

അവരുടെ ശബ്ദങ്ങൾ നിശ്ശബ്ദമാക്കപ്പെട്ടെങ്കിലും, അവരുടെ ദർശനം ദേശീയ ശാസ്ത്രാവബോധ ദിനം ആചരിക്കുന്നതിലൂടെ നമ്മെ നയിച്ചുകൊണ്ടിരിക്കുന്നു. 2018-ൽ ആൾ ഇന്ത്യ പീപ്പിൾസ് സയൻസ് നെറ്റ്‌വർക്ക് (AIPSN) മഹാരാഷ്ട്ര അന്ധശ്രദ്ധ നിർമ്മൂലൻ സമിതിയുമായി (MANS) സഹകരിച്ച് ആരംഭിച്ച ഈ ദിനം ഒരു ജനകീയ മുന്നേറ്റമായി വളർന്നു കഴിഞ്ഞു. ഓരോ വർഷവും, ഇത് വിദ്യാർത്ഥികളെയും ശാസ്ത്രജ്ഞരെയും അദ്ധ്യാപകരെയും ശാസ്ത്രപ്രവർത്തകരെയും ജീവിതത്തിന്റെ നാനാതുറകളിലുള്ള പൗരന്മാരെയും വിമർശനാത്മകമായ തെളിവ് അധിഷ്ഠിത ചിന്തയ്ക്കും സാമൂഹിക നീതിക്കും വേണ്ടിയുള്ള പ്രതിബദ്ധതയിൽ ഒന്നിപ്പിക്കുന്നു.

ഇന്ത്യയുടെ പുരോഗതിക്കും സാമൂഹിക പരിവർത്തനത്തിനും ശാസ്ത്രീയ മനോവൃത്തി വികസനം ഒഴിച്ചുകൂടാനാവാത്തതാണെന്ന് ഡോ. ബി.ആർ. അംബേദ്കർ ഉറച്ച് വിശ്വസിച്ചിരുന്നു എന്നത് ഓർമ്മിക്കേണ്ടത് സുപ്രധാനമാണ്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം, ശാസ്ത്രീയ മനോവൃത്തി അഥവാ ശാസ്ത്രാവബോധം എന്നത് വിമർശനാത്മക അന്വേഷണത്തിൽ വേരുറപ്പിച്ച തെളിവ് അധിഷ്ഠിതമായ യുക്തിചിന്തയിലൂന്നിയ ഒരു മാനസികാവസ്ഥ മാത്രമായിരുന്നില്ല, അന്ധവിശ്വാസം, ജാതീയത തുടങ്ങിയ ആഴത്തിൽ വേരൂന്നിയ സാമൂഹിക തിന്മകളെ നേരിടാനുള്ള ഒരു ആയുധം കൂടിയായിരുന്നു. അംബേദ്കർ ശാസ്ത്രത്തെ കണ്ടത്, ജാതിയും വർഗ്ഗവും മറികടന്ന് എല്ലാവർക്കും അറിവ് ലഭ്യമാക്കുകയും, അനീതിയെ ചോദ്യം ചെയ്യാനും അടിച്ചമർത്തുന്ന അധികാര ഘടനകളെ ഇല്ലാതാക്കാനും വ്യക്തികളെ ശാക്തീകരിക്കുകയും ചെയ്യുന്ന ഒരു ജനാധിപത്യവൽക്കരണ ശക്തിയായാണ്.

ശാസ്ത്രാവബോധം ഉയർത്തിപ്പിടിക്കുന്നതിനുള്ള യാത്രയിലെ ഒരു പ്രധാന നാഴികക്കല്ലായിരുന്നു 2024 ഫെബ്രുവരി 28-ന് കൊൽക്കത്തയിൽ നടന്ന ശാസ്ത്രാവബോധ പ്രഖ്യാപനത്തിനായുള്ള ദേശീയ കൺവെൻഷൻ. കൺവെൻഷനിൽ അംഗീകരിച്ച - കൊൽക്കത്ത ശാസ്ത്രാവബോധ പ്രഖ്യാപനം — തെളിവ് അധിഷ്ഠിത യുക്തിവിചാരത്തിനും വിമർശനാത്മക ബോധത്തിനും, ജനാധിപത്യ മൂല്യങ്ങൾക്കുമായി വീണ്ടും പ്രതിജ്ഞാബദ്ധരാകാൻ നമ്മളോട് ആഹ്വാനം ചെയ്യുന്നു. 1981ലെയും 2011ലെയും മുൻ പ്രഖ്യാപനങ്ങൾക്ക് ശേഷം വന്ന ആഴത്തിലുള്ള സാമൂഹികവും സാങ്കേതികവുമായ മാറ്റങ്ങളെ അംഗീകരിച്ച്, കൊൽക്കത്ത പ്രഖ്യാപനം ശാസ്ത്രാവബോധത്തെക്കുറിച്ചുള്ള നമ്മുടെ ധാരണയെ വികസിപ്പിക്കുന്നു — അത് പ്രകൃതി ശാസ്ത്രങ്ങളും, സാമൂഹിക ശാസ്ത്രങ്ങളും, മാനവിക വിഷയങ്ങളും, സാധാരണക്കാരുടെ ജീവിതാനുഭവങ്ങളും ഉൾക്കൊള്ളുന്നു. തെറ്റായ വിവരങ്ങളും, കപടശാസ്ത്രവും, നിർമ്മിത അജ്ഞതയും അതിവേഗം പടരുന്ന ഇന്നത്തെ കാലത്ത് — പലപ്പോഴും സാങ്കേതികവിദ്യ തന്നെ ഇതിന് ഉത്തേജകമായി വർത്തിക്കുമ്പോൾ — അറിവും, യുക്തിയും, തെളിവ് അധിഷ്ഠിത വാദമുഖങ്ങളുമായി  നാം ഇതിനെ നേരിടണം.

2025 ശാസ്ത്രാവബോധ ദിനം ആഗസ്റ്റ് 1 മുതൽ സെപ്റ്റംബർ 30 വരെ, "ചോദിക്കൂ എന്തുകൊണ്ട്?" എന്ന ശക്തമായ പ്രമേയത്തിൽ ഊന്നി, ആവേശകരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഒരു പ്രചാരണത്തിലൂടെ അടയാളപ്പെടുത്തും. നമ്മുടെ ചുറ്റുമുള്ള ഭിന്നിപ്പിനും അക്രമങ്ങൾക്കുമെതിരെ സംസാരിക്കാനും,  ജിജ്ഞാസയും വിമർശനാത്മകതയും ധൈര്യവും തിരികെ കൊണ്ടുവരാനുമുള്ള ഒരു ആഹ്വാനമാണിത്. ഈ വർഷം നമ്മുടെ രാജ്യത്ത് മാത്രമല്ല, ലോകത്തിന്റെ മറ്റ് ഭാഗങ്ങളിലും ജാതി, മതം, വംശം, ദേശീയത എന്നിവയുടെ പേരിൽ മനുഷ്യരെ വെറുക്കുകയും ഭിന്നിപ്പിക്കുകയും ചെയ്യുന്ന കൊലപാതകങ്ങളും ഹത്യകളും യുദ്ധങ്ങളും നടക്കുന്നുണ്ട്. മണിപ്പൂരിൽ സ്വാർത്ഥ താൽപ്പര്യങ്ങൾ ആളിക്കത്തിച്ച തീ കെട്ടടങ്ങിയിട്ടില്ല. ഗാസയിൽ നടക്കുന്ന ഭീകരമായ വംശഹത്യ നിർത്തേണ്ടതുണ്ട്, അത് പ്രധാനമായും അമേരിക്കയുടെ പിന്തുണയുള്ള ഇസ്രായേലിന്റെ യുദ്ധ യന്ത്രം കാരണം തുടരുകയാണ്. രാജ്യത്തിനകത്തും പുറത്തും സമാധാനമാണ് നമുക്ക് വേണ്ടത്. നിലവിലുള്ള ഭരണകൂടങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ നേട്ടങ്ങൾ യുദ്ധത്തിലേക്കും കൊലപാതകത്തിലേക്കും നയിക്കുന്നു. സമാധാനം ജനാധിപത്യപരവും മാനവികവുമായ അവബോധത്തിന്റെ വിജയമാണ്.

രാജ്യത്തുടനീളം വൈവിധ്യമാർന്ന പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട് — റാലികൾ, മനുഷ്യ ചങ്ങലകൾ, പൊതു പ്രഭാഷണങ്ങൾ, തെരുവ് നാടകങ്ങൾ, ഗാനങ്ങൾ, പ്രദർശനങ്ങൾ, പോസ്റ്റർ പ്രചാരണങ്ങൾ, സംവാദങ്ങൾ, ചലച്ചിത്ര പ്രദർശനങ്ങൾ, നേരിട്ടുള്ള പരീക്ഷണങ്ങൾ, അന്ധവിശ്വാസ ബോധവൽക്കരണം, ശാസ്ത്രജ്ഞരുമായി കൂടിക്കാഴ്ച തുടങ്ങി വിവിധ പ്രവർത്തനങ്ങൾ. ഈ പരിപാടികൾ ശാസ്ത്രാവബോധത്തെ ആഘോഷിക്കുന്നതിന് മാത്രമല്ല, അതിനെ ഒരു സജീവ ഭരണഘടനാപരമായ ഉത്തരവാദിത്വം എന്ന നിലയിൽ പ്രതിരോധിക്കാനും ലക്ഷ്യമിട്ടുള്ളതാണ്.

നിലവിലെ ഭരണകൂടത്തിന് പിന്നിലുള്ള ഗവൺമെന്റും സാമൂഹിക-രാഷ്ട്രീയ സംഘടനകളും മനഃപൂർവ്വം പ്രചരിപ്പിക്കുന്ന തെറ്റായ വിവരങ്ങളും വ്യാജമായ ആഖ്യാനങ്ങളും തുറന്നുകാട്ടുക എന്നതാണ് പരിപാടികളുടെ ഉള്ളടക്കം. ഇത്തരം ആഖ്യാനങ്ങൾ പലപ്പോഴും പ്രത്യേക സംസ്ഥാനങ്ങളിലെ രാഷ്ട്രീയനേട്ടവും തിരഞ്ഞെടുപ്പും ഉദ്ദേശിച്ച് പുരാണങ്ങളെയോ മതത്തെയോ അടിസ്ഥാനമാക്കി ഉള്ളവയാണ്. ചിലത്  രാജ്യത്തുടനീളമായി നടപ്പിലാക്കുന്നവയാണ് - NCERT പാഠപുസ്തകങ്ങളിൽ നിന്ന് ഡാർവിന്റെ പരിണാമ സിദ്ധാന്തം ഒഴിവാക്കുന്നത് പോലെ.

താഴെ പറയുന്ന അടിയന്തിര നടപടികൾ ഞങ്ങൾ ആഹ്വാനം ചെയ്യുന്നു:

*1. ആർട്ടിക്കിൾ 51A(h) ഉയർത്തിപ്പിടിക്കുകയും സംരക്ഷിക്കുകയും ചെയ്യുക:* കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ഈ ഭരണഘടനാപരമായ കടമ സജീവമായി നിറവേറ്റണം — വിദ്യാഭ്യാസം, ഭരണം മുതൽ ശാസ്ത്ര ആശയവിനിമയം, പൊതുജന സമ്പർക്കം വരെയുള്ള എല്ലാ മേഖലകളിലും ശാസ്ത്രാവബോധം പ്രോത്സാഹിപ്പിക്കണം.

*2. ശാസ്ത്രം, വിദ്യാഭ്യാസം, കലകൾ എന്നീ മേഖലകളിൽ അർത്ഥപൂർണ്ണമായി നിക്ഷേപിക്കുക:* വിദ്യാഭ്യാസം, ആരോഗ്യം, ശാസ്ത്രീയ ഗവേഷണം, മാനവിക വിഷയങ്ങൾ, കലകൾ എന്നിവയിൽ കൂടുതൽ പൊതു നിക്ഷേപം ഞങ്ങൾ ആവശ്യപ്പെടുന്നു — ഇവയെല്ലാം യുക്തി, സർഗ്ഗാത്മകത, വിമർശനാത്മക ചിന്ത, വൈവിധ്യങ്ങളോടുള്ള ആദരവ് എന്നിവയെ പരിപോഷിപ്പിക്കുന്നതിന് അടിസ്ഥാനപരമാണ്.

*3. അക്കാദമികവും ബൗദ്ധികവുമായ സ്വാതന്ത്ര്യം സംരക്ഷിക്കുക:* പഠന ഗവേഷണ സ്ഥാപനങ്ങളെ രാഷ്ട്രീയ ഇടപെടലുകളിൽ നിന്നും, പ്രത്യയശാസ്ത്ര നിയന്ത്രണങ്ങളിൽ നിന്നും, ശാസ്ത്രവിരുദ്ധ പ്രചാരണങ്ങളിൽ നിന്നും സംരക്ഷിക്കണം.

*4. കപടശാസ്ത്രത്തിന്റെയും അന്ധവിശ്വാസത്തിന്റെയും വ്യാപനത്തെ ചെറുക്കുക:* ആധികാരികതയില്ലാത്ത അവകാശവാദങ്ങളെയും യുക്തിരഹിതമായ വിശ്വാസങ്ങളെയും അന്ധവിശ്വാസങ്ങളെയും, അന്വേഷണം, സ്ഥിരീകരം, തുറന്നതും ജനാധിപത്യപരവുമായ സംവാദങ്ങൾ എന്നിവയിലൂടെ നാം നേരിടണം. കൂടാതെ, അന്ധവിശ്വാസ നിരോധന നിയമവും മന്ത്രവാദം തടയുന്നതിനുള്ള നിയമവും ഇന്ത്യയിലുടനീളം നടപ്പിലാക്കാൻ സമ്മർദ്ദം ചെലുത്തണം. വ്യാജ ആരോപണങ്ങളുയർത്തി സ്ത്രീകളുടെ നേർക്ക് നടക്കുന്ന ദുർമ്മന്ത്രവാദ വേട്ട നിറുത്തലാക്കുന്നതിന് നാം പ്രചാരണം നടത്തേണ്ടതുണ്ട്.

NSTD 2025 കേവലം ഒരു അനുസ്മരണ പരിപാടി മാത്രമല്ല — അത് ജനാധിപത്യ മൂല്യങ്ങളും സാമൂഹിക-സാമ്പത്തിക നീതിയും തിരിച്ചുപിടിക്കാനുള്ള ഒരു ജനകീയ മുന്നേറ്റമാണ്. ഓരോ ചോദ്യത്തിനും പ്രാധാന്യമുള്ള, ഓരോ സംശയത്തെയും ആദരിക്കുന്ന, കൂടുതൽ അറിവുള്ളതും, സമഗ്രവും, സ്വാശ്രയവും, തുല്യവുമായ ഇന്ത്യയുടെ സഹസ്രഷ്ടാക്കളായി ഓരോ പൗരനും മാറുന്ന വേദിയാണിത്.

ശാസ്ത്രജ്ഞർ, അദ്ധ്യാപകർ, സ്ത്രീകൾ, വിദ്യാർത്ഥികൾ, ശാസ്ത്രപ്രവർത്തകർ, പത്രപ്രവർത്തകർ, എഴുത്തുകാർ, കലാകാരന്മാർ, തുടങ്ങി എല്ലാ പൗരന്മാരും ഈ പ്രചാരണത്തിൽ ആവേശത്തോടെയും ദൃഢനിശ്ചയത്തോടെയും ചേരാൻ ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. സംഘടിക്കുക, നവീകരിക്കുക, ചോദ്യം ചെയ്യുക, അങ്ങനെ നമുക്കൊരുമിച്ച്, ജനാധിപത്യപരവും തുല്യവും നീതിയുക്തവുമായ ഒരു ഇന്ത്യൻ സമൂഹത്തിന് ശാസ്ത്രാവബോധത്തെ ഒരു ചാലകശക്തിയാക്കി മാറ്റാം.

AIPSN ഈ ആഹ്വാനത്തിന് പിന്തുണ നൽകുവാൻ നിങ്ങളെ ക്ഷണിക്കുന്നു. രാജ്യത്തുടനീളമുള്ള ശാസ്ത്രാവബോധ പ്രവർത്തനങ്ങളിൽ പങ്കെടുക്കുക, യുക്തിക്കും, സാമൂഹിക നീതിക്കും, ജനാധിപത്യത്തിനും പ്രതിജ്ഞാബദ്ധമായ ഈ മുന്നേറ്റത്തിൽ അണിചേരുക.

ഉണരാം നമുക്ക് — ഓർമ്മിക്കാൻ മാത്രമല്ല, പ്രവർത്തിക്കാനും. ശാസ്ത്രാവബോധത്തിന്റെ ദീപം ഉയർത്തിപ്പിടിക്കാം, അതിലൂടെ അതിനെതിരായി പ്രവർത്തിക്കുന്ന സാമൂഹിക-രാഷ്ട്രീയ ശക്തികൾക്ക് അന്വേഷണത്തിന്റെയും, സമത്വത്തിന്റെയും, ജനാധിപത്യത്തിന്റെയും വെളിച്ചം കെടുത്തുക അസാധ്യമാക്കാം.

_ഐക്യദാർഢ്യത്തോടെ, ദൃഢനിശ്ചയത്തോടെ,_

*സത്യജിത് രഥ്*
_പ്രസിഡന്റ്, AIPSN_

*ആശാ മിശ്ര*
_ജനറൽ സെക്രട്ടറി, AIPSN_

*അരുണാഭ് മിശ്ര*
_കൺവീനർ, സയന്റിഫിക് ടെമ്പർ ഡെസ്ക്, AIPSN_